# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1088** — **28/4/2017** -ലെ മറുപടി

## അമൃത് പദ്ധതികൾക്ക് ഭരണാനുമതി

**ചോദ്യം**

ശ്രീ. ജോൺ ഫെർണാണ്ടസ്

(എ) 2016-17 വർഷത്തിൽ അമൃത് പദ്ധതി (എ) യിൽ ഉൾപ്പെടുത്തി 63.04 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

**മറുപടി**

മാത്യു ടി.തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

അമൃത് പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷത്തിൽ 63.04 കോടി രൂപയ്ക്ക് കൊച്ചി നഗരത്തിൽ 11 പദ്ധതികൾ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| നം. | പദ്ധതിയുടെ പേര് | ശുപാർശ തുക | അംഗീകരിച്ച തുക |
|---|---|---|---|
| 1. | പണ്ടിറ്റ് കറുപ്പൻ റോഡിൽ 4400 മീ. നീളത്തിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ | 1.65 | 1.61 |
| 2. | വളഞ്ഞമ്പലം മുതൽ രവിപുരംവരെ 1000 മീ. നീളത്തിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ | 0.69 | 0.66 |
| 3. | കോന്തുരുത്തി ബ്രാഞ്ച് റോഡിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ | 0.70 | 0.405 |
| 4. | കടവന്ത്ര OH ടാങ്കിന്റെ പുനരുദ്ധാരണവും പമ്പിംഗ് മെയിൻ സ്ഥാപിക്കലും | 10.00 | 10.00 |
| 5. | പച്ചാളം ഡിവിഷനിൽ OH ടാങ്ക്, സമ്പ് എന്നിവയുടെ നിർമ്മാണം. | 8.00 | 7.75 |

JSK/

| | | | |
|---|---|---|---|
| 6. | കാത്രിക്കടവു മുതൽ പച്ചാളം വരെ ട്രാൻസ്മിഷൻ പൈപ്പ് സ്ഥാപിക്കൽ | 7.00 | 7.00 |
| 7. | ഇടക്കൊച്ചിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 1.50 | 1.52 |
| 8. | JNNURM ട്രീറ്റ്മെൻറ് പ്ലാൻറിൽ നിന്ന് മാറാട് തമ്മനം പമ്പ് ഹൗസിലേക്ക് പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | 17.50 | 16.50 |
| 9. | കത്രിക്കടവുമുതൽ ഇളങ്കുളം ചെട്ടിച്ചിറ ഭാഗങ്ങളിലേക്ക് പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ | 5.00 | 0.90 |
| 10. | വടതോട് പമ്പ് ഹൗസ് OH ടാങ്ക് എന്നിവയുടെ നിർമ്മാണം. | 8.00 | 7.75 |
| 11. | തേവര OH ടാങ്ക് നിർമ്മാണം. | 3.00 | 5.60 |

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായി എന്തെല്ലാം നടപടി ക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ള തെന്ന് വ്യക്തമാക്കാമോ;

(സി) രൂക്ഷമാകുന്ന കുടിവെള്ള ക്ഷാമം കണക്കിലെടുത്ത് പ്രസ്തുത പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിക്ക വാൻ നടപടി സ്വീകരിക്കുമോ;

(ബി) & (സി) പ്രസ്തുത പദ്ധതികൾ, അമൃത് പദ്ധതികളുടെ ചുമതലയുള്ള സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (SMMU) വഴി സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി (SLTC) അംഗീകരിച്ച് ഭരണാനുമതിക്കായി സ്റ്റേറ്റ് ലെവൽ ഹൈ പവേർഡ് കമ്മിറ്റി (SHPSC) യിലേയ്ക്ക് ശുപാർശ ചെയ്യുകയും അപ്രകാരം ഭരണാനു മതി ലഭ്യമാക്കുകയും ചെയ്യുന്നു. ഭരണാനു മതിയും സാങ്കേതിക അനുമതിയും സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതികൾ ആരംഭിക്കുവാൻ കഴിയും.

(ഡി) ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ 2700 മീറ്റർ പൈപ്പിടലിൽ 1700 മീറ്റർ ഭാഗത്തിന്റെ ടെണ്ടർ നടപടികൾ നടക്കു ന്നതിനാൽ ബാക്കി വരുന്ന 1000 മീറ്റർ പ്രവർത്തിക്ക് അമൃത് പദ്ധതിയി ലുൾപ്പെടുത്തി അടിയന്തര മുൻഗണന

(ഡി) പ്രസ്തുത പദ്ധതി റിപ്പോർട്ട് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (SMMU)-നിൽ സമർപ്പിച്ചിട്ടുള്ളതും അമൃത് പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി (SLTC) പ്രസ്തുത പ്രവൃത്തി അംഗീകരിച്ച് ഭരണാനു

| | |
|---|---|
| നൽകി ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ? | മതിക്കായി ഉന്നതാധികാര കമ്മിറ്റിയായ സ്റ്റേറ്റ് ലെവൽ ഹൈ പവേഡ് കമ്മിറ്റി (SHPSC) യിലേയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/